"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - ശ്രീ. ശ്രീജിത്ത്. ജി, ഉപജില്ലാ വ്യവസായ ഓഫീസർ, ജില്ലാ വ്യവസായ കേന്ദ്രം, കൊല്ലം - പ്രത്യേകാവശതാവധി ദീർഘിപ്പിച്ച് നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.621/2026/ID　　തീയതി,തിരുവനന്തപുരം, 04-06-2026

---

പരാമർശം:-　　1. 16/04/2026-ലെ സ.ഉ. (സാധാ) നം. 430/2026/വ്യവ.

2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 05/05/2026-ലെ ഡിഐസി/374/2026-ഇഡി3 നമ്പർ കത്ത്

**ഉത്തരവ്**

14/10/2025-ന് കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഉപജില്ലാ വ്യവസായ ഓഫീസർ ശ്രീ. ശ്രീജിത്ത്.ജി ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് ശേഷം വീട്ടിലേയ്ക്കുള്ള യാത്രാമധ്യേ സംഭവിച്ച അപകടത്തിൽ നിയന്ത്രണാധികാരിയുടെ സാക്ഷ്യപത്രത്തിന്റെയും ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ 14/10/2025 മുതൽ 13/01/2026 വരെ കെ.എസ്.ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേകാവശതാവധി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. ഡോക്ടർ ഒരാഴ്ചകൂടി വിശ്രമം നിർദേശിച്ചിട്ടുള്ള സാഹചര്യത്തിൽ ശ്രീ. ശ്രീജിത്ത്.ജി-യ്ക്ക് പരാമർശം (1) പ്രകാരം അനുവദിച്ച പ്രത്യേകാവശതാവധി 19/01/2026 വരെ ദീർഘിപ്പിച്ച് നല്കണമെന്ന് പരാമർശം (2) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശ ചെയ്തു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ. ശ്രീജിത്ത്.ജി-യ്ക്ക് 14/01/2026 മുതൽ 19/01/2026 വരെ ഒരാഴ്ചകൂടി വിശ്രമം ആവശ്യമാണെന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) ഉത്തരവ് പ്രകാരം കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഉപജില്ലാ വ്യവസായ ഓഫീസർ ശ്രീ. ശ്രീജിത്ത്.ജിയ്ക്ക് അനുവദിച്ചിരുന്ന പ്രത്യേകാവശതാവധി 14/01/2026 മുതൽ 19/01/2026 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. ശ്രീജിത്ത്. ജി, (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
Date: 04-06-2026 15:57:55

സെക്ഷൻ ഓഫീസർ